# ഇരട്ടക്കവിതകൾ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

## (1)

## സെല്ലുലാർ പാഠങ്ങൾ

**സ്തൂപാഗ്രത്തിൽ**
**ഗോപുര മുകളിൽ**
**ഉത്തുംഗ ബിന്ദു;**
**കിളിവാതിൽ പോലെ**
**പാർശ്വ കവാടം;**
**അള്ളിപ്പിടിച്ച്**
**ലോങ് ഷോട്ട്;**
**ജീവിതം വീക്ഷിച്ച്**
**റെറ്റീനയിൽ**
**സ്ഥിരം ബിംബങ്ങളുടെ**
**തുടുപ്പും തുടിപ്പും മടുപ്പും.**

**കുടുസ്സു മുറികളിലെ**
**കിളിവാതിലുകൾ**
**വിരഹത്തിൽ**
**സങ്കോചിക്കും**
**16 എം. എം. ഫ്രെയിമുകൾ –**
**ചക്രവാളത്തിൽ**
**കാണുന്നതോ,**
**ശുഷ്ക്കാന്തിയോടെ**
**നായയ്ക്കു വിളമ്പാൻ**
**ഇറച്ചിക്കഷണങ്ങൾ**
**മുട്ടിയിൽ നുറുക്കുന്ന,**

കന്യകയുടെ
തീക്ഷ്ണതയോടെ
കത്തിജ്ജ്വലിക്കുന്ന
വയോവൃദ്ധന്റെ
വൈരാഗ്യക്കണ്ണുകൾ!

# (2)

# *ഭർത്തൃഹരി*യുടെ വിധി*

എന്റെ ചിന്തയിലെ
നിറസ്സാന്നിദ്ധ്യമായ അവൾ
മറ്റൊരാളെ കാംക്ഷിക്കുന്നു -
എന്നെ അറിയുന്നതുപോലുമില്ല!

അതേ, എന്നാലവൻ
മറ്റൊരുത്തിക്കു വീഥിയൊരുക്കുന്നു -
അവളെ കാത്തല്ല!

ഏതോ നിഷ്ക്കളങ്ക കന്യക
എന്നെയോർത്ത് കേഴുന്നു!

എന്തിനാണീ ചെകുത്താൻ
അവളേയും അവനേയും,
പ്രേമത്തേയും,
അവളേയും
എന്നേയും
കെട്ടിയെടുക്കാത്തത്!
************************************

(* ഭർത്തൃഹരിയുടെ ശ്ലോകത്തിന്റെ തർജ്ജമ: സംസ്കൃതം → ഇംഗ്ലീഷ് → മലയാളം മാത്രം എന്റേത്)